**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** **27-06-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കുള്ള സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്ന പ്രവാസികൾക്ക് സഹായകരമായി സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വിദേശരാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ പ്രവാസി കേരളീയരെ കോവിഡിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്നതിനായി പ്രവാസി ഭദ്രതാ പദ്ധതിക്ക് രൂപം നൽകിയിരുന്നു. വിവിധ തൊഴിൽ സാഹചര്യങ്ങളിൽ നിന്നും തിരികെയെത്തിയവർക്ക് വരുമാനമാർഗ്ഗങ്ങളും ഉപജീവനോപാധികളും കണ്ടെത്തുന്നതിലേയ്ക്കായി വിവിധ വായ്പാ പദ്ധതികളാണ് പ്രവാസി ഭദ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.<br><br>1. അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം - പ്രവാസി ഭദ്രതാ - പേൾ (ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ വായ്പ)<br><br>2. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തിരം - പ്രവാസി ഭദ്രതാ - മൈക്രോ (ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധനസബ്സിഡി + പലിശ സബ്സിഡി)<br><br>3. വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തിരം - പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെ 3.5% പലിശ സബ്സിഡി)<br><br>ഈ പദ്ധതിക്കായി 50 കോടി രൂപ 2021-22 സാമ്പത്തിക വർഷം വകയിരുത്തുകയും മുഴുവൻ തുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രവാസ ജീവിതത്തിനുശേഷം മടങ്ങിയെത്തുന്ന പ്രവാസികൾക്കു നാട്ടിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സർവീസ് മേഖല, നിർമാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാങ്കുകൾ വഴി വായ്പ നൽകിവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായവും സർക്കാർ സ്ഥാപനമായ സി.എം.ഡി വഴിയും ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ സംരംഭകത്വ പരിശീലനം, ബോധവത്ക്കരണം, സെമിനാറുകൾ, ബാങ്കിൽ സമർപ്പിക്കേണ്ട പ്രൊജക്ട് റിപ്പോർട്ട് എന്നിവ നോർക്ക റൂട്ട്സ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം എല്ലാ ജില്ലകളിലും നൽകി വരുന്നുണ്ട്. |
| (ബി) | പ്രവാസികൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കേന്ദ്രസഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ; കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസത്തിനും പ്രവാസികളുടെ ക്ഷേമത്തിനുമായി 2000 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ